പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6737

01.11.2011-ൽ
മറുപടിയ്ക്കു്

**ക്ഷേത്രങ്ങളുടെ സുരക്ഷ**

ചോദ്യം
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റോഷി അഗസ്റ്റിൻ

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് ക്ഷേത്രങ്ങളുടെ സുരക്ഷയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്; | (എ) അതീവ സുരക്ഷ വേണ്ടുന്ന ക്ഷേത്രങ്ങളിൽ സുരക്ഷ നിർവ്വഹിക്കുന്നത് സംസ്ഥാന പോലീസാണ്. ആയതിലേക്ക് മെറ്റൽ ഡിറ്റക്ടറുകൾ, സ്കാനറുകൾ എന്നിവ സ്ഥാപിച്ച് സായുധകാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ സുരക്ഷയ്ക്കായി അതത് ദേവസ്വങ്ങളിലെ വാച്ചർമാരും, തകിൽ, നാദസ്വരം, പഞ്ചവാദ്യം, കഴകം എന്നീ ലാവണങ്ങളിൽപ്പെട്ട ഏതെങ്കിലും ക്ഷേത്ര ജീവനക്കാരനും ദേവസ്വത്തിൽ രാത്രികാല ഡ്യൂട്ടി (കിടമുറ) നോക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും, സ്ട്രോങ് റൂമുകൾക്ക് സംരക്ഷണം നൽകാൻ വേണ്ടി ദേവസ്വം ഗാർഡുമാരെ നിയോഗിച്ചിട്ടുള്ളതുമാണ്. അലാറാം സംവിധാനവും, സ്ട്രോങ് റൂം സൗകര്യവും, സെക്യൂരിറ്റി ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേത്ര സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതിനെ സംബന്ധിച്ച് ക്ഷേത്ര ഭരണാധികാരികൾക്ക് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) നിലവിൽ ഏതൊക്കെ ക്ഷേത്രങ്ങൾക്കാണ് സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്? | (ബി) ശ്രീ പത്മനാഭസ്വാമി ക്ഷേത്രം, ശബരിമല ക്ഷേത്രം, ഗുരുവായൂർ എന്നീ ക്ഷേത്രങ്ങളിൽ ആധുനിക സംവിധാനങ്ങളോടുകൂടി സായുധ പോലീസ് സുരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൊച്ചിൻ ദേവസ്വത്തിനു കീഴിലുള്ള ഊരകം ക്ഷേത്രം, ശ്രീ വടക്കുംനാഥ ക്ഷേത്രം, ചോറ്റാനിക്കര ക്ഷേത്രം, തൃപ്രയാർ, ആറാട്ടുപുഴ, തിരുവഞ്ചിക്കുളം, ശ്രീ പൂർണ്ണത്രയീശക്ഷേത്രം, ചിറ്റൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, രവിപുരം ക്ഷേത്രം എന്നിവിടങ്ങളിൽ അലാറം സംവിധാനവും ഏർപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ